"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. ഭവന നിർമ്മാണ പദ്ധതി (2015-16) ഗുണഭോക്താവായിരുന്ന പി.വി പവിത്രൻ (late) എന്നയാൾ ഭവന നിർമ്മാണത്തിന് കൈപ്പറ്റിയ 50,000/- രൂപ മുതലും പലിശയും ഒഴിവാക്കി ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.818/2024/F&P തീയതി,തിരുവനന്തപുരം, 22-11-2024

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 24/10/2024-ലെ DFTVM/3169/2024-N1 നമ്പർ കത്ത്.

**ഉത്തരവ്**

ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. ഭവന നിർമ്മാണ പദ്ധതി (2015-16) ഗുണഭോക്താവായിരുന്ന ശ്രീ.പി.വി പവിത്രൻ S/o ചന്തൻ, തൈകടപ്പുറം. പി.ഒ എന്നയാൾ 26.02.2016-ൽ പദ്ധതി ആദ്യ ഗഡുവായി 50,000/-രൂപ കൈപ്പറ്റുകയും നീലേശ്വരം തൈകടപ്പുറം ഭാഗത്തായി മേൽ തുക ഉപയോഗപ്പെടുത്തി വീടിന്റെ അടിത്തറ കെട്ടുകയും ചെയ്തിരുന്നതായും, തുടർന്നുള്ള കാലയളവിൽ ടിയാന് കാൻസർ രോഗം സ്ഥിരീകരിച്ചതിനെ തുടർന്ന് മാസങ്ങളോളം ചികിത്സയിൽ തുടരുകയും, 07.01.2019 തീയതിയിൽ മരണപ്പെടുകയും ഉണ്ടായതായും അപേക്ഷകന് ചികിത്സ കാലയളവിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലവും മറ്റു തടസ്സങ്ങളാലും ഗുണഭോക്താവിന് വീട് പണി പൂർത്തീകരിക്കുവാൻ സാധിച്ചിരുന്നില്ലെന്നും പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ ചെയ്യുകയുണ്ടായി. പുനർഗേഹം പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുതിയ സ്ഥലം കണ്ടെത്തുവാൻ സാധിച്ചിരുന്നില്ലെന്നും തുടർന്ന്, ടിയാന്റെ ഭാര്യയായ ശ്രീമതി ഇന്ദിര ടി.കെ.-യ്ക്ക് നീലേശ്വരം നഗരസഭയിൽ നിന്നും ലൈഫ് ഭവന പദ്ധതി പ്രകാരം ധനസഹായം പാസ്സായിട്ടുണ്ടെന്നും, വീട് വയ്ക്കുന്നതിന് ഉദ്ദേശിക്കുന്ന ഭൂമിയുടെ ആധാരം നിലവിൽ ഫിഷറീസ് വകുപ്പ് ജില്ല ഓഫീസിൽ ഈടായി നൽകിയിരിക്കുകയാണെന്നും പദ്ധതി മാനദണ്ഡ പ്രകാരം വീട് പണി പൂർത്തീകരിച്ചാൽ മാത്രമെ പ്രസ്തുത ആധാരം തിരികെ നൽകുവാൻ സാധിക്കുകയുള്ളു എന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ശ്രീ. പി.വി.പവിത്രൻ (late) കൈപ്പറ്റിയ 50,000/-രൂപയും ആയതിന്റെ 18% പലിശയായ 76,075/-രൂപയും ഉൾപ്പടെ ആകെ 1,26,075/- (ഒരു ലക്ഷത്തി ഇരുപത്തി ആറായിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം) തിരിച്ചടക്കുന്നതിനുള്ള സാമ്പത്തിക ശേഷി അപേക്ഷകയ്ക്ക് ഇല്ലെന്നും, അപേക്ഷകയ്ക്ക് നിലവിൽ കടുത്ത ശാരീരിക അസ്വസ്ഥതകൾ ഉണ്ടെന്നും ആയതിനാൽ നിലവിലുള്ള മറ്റാരും സഹായത്തിന് ഇല്ലാത്ത നിരാലംബയായ ഇവർക്കും

മക്കൾക്കും ഭവനം നിർമ്മിക്കുന്നതിന് കൈപ്പറ്റിയ തുകയും അനുബന്ധ പലിശയും ഒഴിവാക്കി വസ്തുവിന്റെ ആധാരം മാനുഷിക പരിഗണന നൽകി തിരികെ നൽകാവുന്നതാണെന്നും ഫിഷറീസ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും മറ്റാരും സഹായത്തിന് ഇല്ലാത്ത നിരാലംബയായ അപേക്ഷകയ്ക്ക് മാനുഷിക പരിഗണന നൽകിയും ടിയാളുടെ ഭർത്താവ് പി.വി പവിത്രൻ (late), തൈകടപ്പുറം. പി.ഒ എന്നയാൾക്ക് ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. ഭവന നിർമ്മാണ പദ്ധതി 2015-16-ൽ ഉൾപ്പെടുത്തി അനുവദിച്ച 50,000/-രൂപ മുതലും 76,075/-രൂപ പലിശയും ചേർത്ത് ആകെ 1,26,075/-(ഒരു ലക്ഷത്തി ഇരുപത്തി ആറായിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം) തുകയും പലിശയും ഒഴിവാക്കി ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 23-11-2024 12:34:20